പതിനാലാം കേരള നിയമസഭ

# ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : T 2102 18.07.2016-ന് മറുപടിയ്ക്ക്

## ന്യായവില നിശ്ചയിക്കുന്നതിനു മുമ്പായി സ്ഥലം വിട്ടുകൊടുക്കേണ്ടി വന്ന ഉടമകൾ

| ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| എ) പൊതു ആവശ്യങ്ങൾക്ക് സ്ഥലം അക്വയർ ചെയ്യുമ്പോൾ ഉടമകൾക്കു നല്കുന്ന നഷ്ടപരിഹാരത്തിന് ഉദാര പാക്കേജുകൾ എന്നുമുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ; | എ) 15.11.2011 ലെ ജി.ഒ.(എംഎസ്). 419/2011/റവ നമ്പർ ഉത്തരവ് പ്രകാരം ചില കേസുകളിൽ നേരത്തെ തന്നെ പൊന്നുംവില നഷ്ടപരിഹാരത്തിന് ഉദാര പാക്കേജുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ പുതിയ എൽ.എ.ആർ.ആർ ആക്ട് 2013. നിലവിൽ വന്നതിന് ശേഷം എല്ലാ പൊന്നും വില നഷ്ടപരിഹാര കേസുകളിലും ഉദാര പാക്കേജ് ബാധകമാക്കാൻ നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ട്. |
| ബി) ഭൂമിക്ക് ന്യായവില നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചത് എന്നെന്ന് വെളിപ്പെടുത്തുമോ; | ബി) ഭൂമിയുടെ ന്യായവില കേരളത്തിൽ 01.04.2010 മുതൽ നിലവിൽ വന്നു. |
| സി) ന്യായവില നിശ്ചയിക്കുന്നതിനു മുമ്പായി സ്ഥലം വിട്ടുകൊടുക്കേണ്ടി വന്ന ഉടമകൾ നഷ്ടപരിഹാരത്തിന്റെ കാര്യത്തിൽ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽവന്നിട്ടുണ്ടോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) വസ്തുവില കുറച്ചുവച്ച് രജിസ്റ്റർ ചെയ്ത ആധാരങ്ങളിലെ വിലയുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം കിട്ടിയ ആയിരക്കണക്കിന് ഉടമകൾ | ഡി) പൊന്നുംവില നിയമപ്രകാരം വിലയാധാരങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന വില മാത്രമേ പൊന്നും വില നഷ്ടപരിഹാരത്തിന് നൽകുവാൻ |

| | | | |
|---|---|---|---|
| | നീതിന്യായ കോടതികളെ സമീപിച്ച് അതിന്റെ പേരിൽ നഷ്ടം സഹിച്ചുകൊണ്ടിരിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിശോധിക്കുമോ; | | നിർവ്വാഹമുള്ളൂ. ഇതോടൊപ്പം നിയമത്തിൽ അനുശാസിക്കുന്ന സമാശ്വാസം, അധിക വില എന്നിവ കൂടി നൽകുന്നു. നഷ്ടപരിഹാരം കുറഞ്ഞുപോയി എന്ന് പരാതിയുള്ള കേസ്സുകൾ കോടതിയിൽ റഫർ ചെയ്തിട്ടുള്ളതിന് കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉയർന്ന നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| ഇ) | കോടതി അനുവദിച്ച നല്കിയ തുക പലിശ ഉൾപ്പെടെ തിരിച്ചു പിടിക്കാനുള്ള തുടർ ഉത്തരവ്പ്രകാരം പണമടയ്ക്കാൻ ആവാതെ വീണ്ടും അപ്പീലുമായി നടക്കുന്ന ഉടമകളുടെ സ്ഥിതി പരിശോധിക്കുകയും, ന്യായമായ തീർപ്പുണ്ടാക്കി കോടതി വ്യവഹാരങ്ങളുടെ എണ്ണം പരിമിതപ്പെടുത്താനുമുള്ള നടപടി കൈക്കൊള്ളുമോ? | ഇ) | ഓരോ ജില്ലയിലും സബ് കോടതികളുമായി ബന്ധപ്പെട്ട എൽ.എ.ആർ കേസ്സുകളിൽ സർക്കാർ നേതൃത്വത്തിൽ അദാലത്തുകൾ നടത്തി വരുന്നു. ഫണ്ട് ലഭ്യമാക്കുന്ന എല്ലാ അർത്ഥനാധികാരികളെയും ഉൾപ്പെടുത്തി നടപടി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കോടതി അനുവദിച്ചിട്ടുള്ള തുകയും പലിശയും കക്ഷികളിൽ നിന്നും തിരികെ പിടിക്കുന്നതിനു നിലവിൽ നടപടികൾ സ്വീകരിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ